(ബി) അഡ്മിഷൻ സമയത്ത് എത്ര തുകയാണ് ഒരു ഒ.ബി.സി. വിദ്യാർത്ഥിയിൽനിന്നും ഈടാക്കുന്നത്;

(സി) അതിൽ എത്ര സംഖ്യ പരീക്ഷ കഴിഞ്ഞാൽ മടക്കി നൽകാറുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർവകലാശാല നടത്തുന്ന മറ്റ് നാല് സെന്ററുകളിൽ പ്രസ്തുത തുക തിരികെ നൽകുമ്പോൾ മലപ്പുറം സെന്ററിൽ മാത്രം നൽകാതിരിക്കുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാര്യം കോഴിക്കോട് സർവ്വകലാശാലയ്ക്ക് അറിവുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) 7890 രൂപ.

(സി) ട്യൂഷൻ ഫീസും പരീക്ഷാ ഫീസും മടക്കി നൽകാറുണ്ട്.

(ഡി) 1998-99 അദ്ധ്യയനവർഷത്തിൽ പാലക്കാട് സെന്റർ ഒഴികെയുള്ള ബി.എഡ്. സെന്ററുകൾ ഒന്നും ഫീസ് തിരികെ നൽകിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നും പണം ലഭിക്കാത്തതിനാലാണ് ഫീസ് തിരികെ നൽകാൻ കഴിയാത്തതെന്നും, ടി വകുപ്പിൽനിന്നും പണം ലഭിക്കുന്ന മുറയ്ക്ക് ഫീസ് തിരികെ നൽകുന്നതാണെന്നും സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

72 (1616) ഇംഗ്ലീഷ് സപ്ലിമെന്ററി പരീക്ഷാഫലം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത യൂണിവേഴ്സിറ്റി 1995-1999 ബി.എ., ബി.എഡ്. ബാച്ചിലെ ഇംഗ്ലീഷ് 1999 ലെ സപ്ലിമെന്ററി പരീക്ഷയ്ക്കിരുന്ന എത്ര വിദ്യാർത്ഥികളുടെ പരീക്ഷാഫലമാണ് പ്രസിദ്ധീകരിക്കാൻ ബാക്കിയുള്ളത്;

(ബി) റിസൾട്ട് വൈകാനുള്ള കാരണമെന്താണ്;

(സി) അത്തരം വിദ്യാർത്ഥികൾക്ക് ഫൈനൽ ബി.എഡ്ഡുകാരുടെ കൂടെ പരീക്ഷ എഴുതാൻ അവസരം നൽകുമോ?

ഉത്തരം

(എ) 96 (തൊണ്ണൂറ്റിയാറ്) പേരുടെ പരീക്ഷാ ഫലമാണ് പ്രസിദ്ധീകരിക്കാനുണ്ടായിരുന്നതെന്നും, ഇവരുടെ പരീക്ഷാഫലം 29.6.99 ന് പ്രസിദ്ധീകരിച്ചുവെന്നും സംസ്കൃത യൂണിവേഴ്സിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അദ്ധ്യാപക ജീവനക്കാരുടെ കുറവ് റിസൾട്ടിനെ ബാധിച്ചിട്ടുണ്ട്.

(സി) ഈ വിദ്യാർത്ഥികൾക്ക് ഫൈനൽ ബി.എ., ബി.എഡ്. കാരുടെ കൂടെ പഠിക്കാനും പരീക്ഷ എഴുതാനും അവസരം നൽകുന്നതാണെന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly